(i) ആധുനിക കാലഘട്ടത്തിൽ

ആദ്യകാലങ്ങളിൽ ഇസ്‌ലാമിക ഖിലാഫതിനു കീഴിൽ വ്യവസ്ഥാപിതമായാണ് ഇസ്‌ലാമിക പ്രബോധനം നടന്നുവന്നിരുന്നത്. ഖിലാഫതുർറാശിദഃക്ക് ശേഷം ഇസ്‌ലാമിക ഖിലാഫതിനെ ബാധിച്ച ജീർണതകൾ പ്രബോധന പ്രവർത്തനങ്ങൾക്കു മങ്ങലേല്പിച്ചുവെങ്കിലും ഔദ്യോഗികമായി ഖിലാഫതിനു കീഴിൽ തന്നെ അത് തുടർന്നു. എന്നാൽ, അക്കാലങ്ങളിൽ വ്യക്തിതലത്തിലാണ് പ്രബോധന പ്രവർത്തനങ്ങൾ അധികവും നിലനിന്നത്. പ്രബോധനത്തിനായി വ്യവസ്ഥാപിതമായ സ്ഥാപനങ്ങളോ സംഘടനകളോ അന്നൊന്നും ഉണ്ടായിരുന്നില്ല. നവോത്ഥാന നായകന്മാരുടെ പ്രവർത്തനം പോലും സംഘടിതമോ വ്യവസ്ഥാപിതമോ ആയ രൂപം ആർജിച്ചിരുന്നില്ല. സിറിയൻ പണ്ഡിതനായ വഹ്ബതുസ്സുഹൈലിയും ഈജിപ്ഷ്യൻ എഴുത്തുകാരനായ മുഹമ്മദുൽ ഗസ്സാലിയും, 20-ാം നൂറ്റാണ്ടിനു മുമ്പ് മുസ്‌ലിം രാജ്യങ്ങളിൽ പ്രബോധനത്തിനായി സംഘടനകളോ സ്ഥാപനങ്ങളോ ഉണ്ടായിരുന്നില്ല എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഗതകാല മുസ്‌ലിം ഭരണകൂടങ്ങളെക്കുറിച്ച് മുഹമ്മദുൽ ഗസ്സാലിയെപ്പോലുള്ള ആധുനിക പണ്ഡിതന്മാരുടെ പ്രധാന വിമർശനം തന്നെ അവർ പ്രബോധനം മുഖ്യ ദൗത്യമായി ഏറ്റെടുത്തില്ല എന്നതായിരുന്നു.

പ്രബോധന പ്രവർത്തനം മൂർത്തമായ രീതിയിൽ സംഘടനാ രൂപമാർജിക്കുന്നത് 20-ാം നൂറ്റാണ്ടിലാണെങ്കിലും 19-ാം നൂറ്റാണ്ടിൽ തന്നെ ചില ആദ്യ ചുവടുവെപ്പുകൾ ഈ രംഗത്ത് നടന്നിരുന്നു. അവസാനത്തെ ഉഥ്മാനീ ഖലീഫഃ സുൽത്വാൻ അബ്ദുൽ ഹമീദ് രണ്ടാമൻ ഭരണപരമായ തന്റെ പ്രധാന ദൗത്യമായി ഇസ്‌ലാമിക പ്രബോധനത്തെ പരിഗണിക്കുകയുണ്ടായി. ഇസ്‌ലാമിക സമൂഹത്തെ ഏകീകരിപ്പിക്കാനുള്ള ഏറ്റവും വലിയ ഉപാധിയാണ് ഇസ്‌ലാമിക പ്രബോധനം എന്ന തിരിച്ചറിവാണ് ഖലീഫഃയെ അതിന് പ്രേരിപ്പിച്ചത്. മുസ്‌ലിംഐക്യം ഇസ്‌ലാമിക പ്രബോധനത്തിലൂടെ എന്ന ആശയത്തിന് ജമാലുദ്ദീനിൽ അഫ്ഗാനിയും വമ്പിച്ച പ്രചാരം നല്കി. അദ്ദേഹം രൂപീകരിച്ച ജംഇയ്യതുൽ ഉർവതിൽ വുഥ്ഖാ എന്ന സംഘടന ഈ ആശയം ഉയർത്തിപ്പിടിച്ച ഒരു പ്രബോധക സംഘടനയായിരുന്നു. മുൻകാല സലഫികൾ വിശ്വാസികളുടെ സംസ്കരണത്തിന് അഥവാ തർബിയതിനാണ് ഊന്നൽ നല്കിയതെങ്കിലും അബ്ദുർറഹ്മാനിൽ കവാകിബി സ്ഥാപിച്ച ജംഇയ്യതു തഅ്ലീമിൽ മുവഹ്ഹിദീൻ എന്ന സംഘടന ഇസ്‌ലാമിക പ്രബോധനത്തെയും അതിന്റെ ദൗത്യമായി സ്വീകരിക്കുകയുണ്ടായി. ആധുനിക സലഫികളെസ്സംബന്ധിച്ചേടത്തോളം തങ്ങളുടെ രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തനങ്ങളിലേക്കുള്ള ഒരു ചവിട്ടു പടിയായിരുന്നു ഇസ്‌ലാമിക പ്രബോധനം. മുസ്‌ലിം മിഷനറിമാരെ പരിശീലിപ്പിക്കുന്നതിനായി ഒരു സ്ഥാപനം റശീദ് രിദായുടെ ശ്രമഫലമായി 1911-ൽ ഇസ്തംബൂളിൽ സ്ഥാപിതമായി. 1911-ൽ ജംഇയ്യതുദ്ദഅ്‌വതി വൽഇർശാദ് എന്ന പേരിൽ മിഷനറി സംഘടനക്കും അദ്ദേഹം അടിത്തറ പാകി. ഉഥ്മാനി-പാൻ ഇസ്‌ലാമിക് പ്രവർത്തനങ്ങളുടെ ഒരു ചാലക ശക്തിയായിത്തീരണം തന്റെ സംഘടന എന്ന് റശീദ് രിദാ ആഗ്രഹിച്ചിരുന്നുവെങ്കിലും തുടക്കത്തിൽ സംഘടനയ്ക്ക് കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്താനായില്ല. 1928-ൽ ഈജിപ്തിൽ രൂപീകൃതമായ അൽഇഖ്‌വാനുൽ മുസ്‌ലിമൂനും 1941-ൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ രൂപീകരിക്കപ്പെട്ട ജമാഅതെ ഇസ്‌ലാമിയും മിഷനറി സംഘടനകളല്ലെങ്കിലും അവയുടെ ബഹുമുഖമായ ദൗത്യത്തിൽ ഇസ്‌ലാമിക പ്രബോധനത്തിനും കാര്യമായ സ്ഥാനം നല്കപ്പെട്ടിരുന്നു. ഇസ്‌ലാമിന്റെ സമഗ്രതയിലൂന്നിയ പ്രബോധനമാണ് ഈ രണ്ട് സംഘടനയുടെയും പ്രധാന സവിശേഷത.

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ മൗലാനാ മുഹമ്മദ് ഇൽയാസ് രൂപംകൊടുത്ത തബ്‌ലീഗീ ജമാഅതും ഇസ്‌ലാമിക പ്രബോധനം മുസ്‌ലിം ഉമ്മതിന്റെ പ്രധാന ദൗത്യമായി മാറേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായി. സ്വൂഫീ പശ്ചാത്തലമുള്ള തബ്‌ലീഗീ ജമാഅത് മുസ്‌ലിം സമൂഹത്തിന്റെ സംസ്കരണത്തിലും അവരോട് തൊട്ടുകിടക്കുന്ന അമുസ്‌ലിം വിഭാഗങ്ങളിലുമാണ് ശ്രദ്ധയൂന്നിയത്.

മതപരിവർത്തനം എന്ന ആത്യന്തിക ലക്ഷ്യം നേടുന്നതിൽ ആധുനിക സലഫീ സംഘടനകളെക്കാൾ സ്വൂഫീ സംഘടനകളാണ് വിജയം നേടിയത്. പശ്ചിമാഫ്രിക്കയിലെ അമുസ്‌ലിം പ്രദേശങ്ങളിൽ ഇസ്‌ലാം പ്രചരിപ്പിക്കുന്നതിൽ പ്രസ്താവ്യമായ വിജയം നേടിയ സനൂസി, തീജാനി സംഘടനകൾ ഉദാഹരണം.

പുതുതായി രൂപംകൊണ്ട ഇസ്‌ലാമിക സംഘടനകളുടെ മിഷനറി പ്രവർത്തനങ്ങൾ പ്രാന്തീകൃതവും ഒട്ടേറെ ഇസ്‌ലാമിക പഠനകേന്ദ്രങ്ങളുടെ വല്ലപ്പോഴുമുള്ള പ്രവർത്തനങ്ങളിൽ പരിമിതവുമാണെന്ന് കണ്ടപ്പോഴാണ് 1931-ൽ മുഹമ്മദ് റശീദ് രിദാ ചലനരഹിതമായിക്കിടന്നിരുന്ന തന്റെ ജംഇയ്യതുദ്ദഅ്‌വതി വൽഇർശാദ് എന്ന സംഘടന പുനരുജ്ജീവിപ്പിച്ചത്. എങ്കിലും രണ്ടാം ലോകയുദ്ധം അവസാനിച്ചതിനു ശേഷം മാത്രമാണ് രാഷ്ട്രാന്തരീയ തലത്തിൽ ഇസ്‌ലാമിക പ്രബോധനം സംഘടിതമായി നടത്താനുള്ള രാഷ്ട്രീയ കാലാവസ്ഥ രൂപപ്പെട്ടത്. 1954-ൽ സുഊദി അറേബ്യയും ഈജിപ്തും പാകിസ്താനും സംയുക്തമായി രൂപംകൊടുത്ത അല്പായുസ്സായ ഇസ്‌ലാമിക് കോൺഫ്രൻസ് ഇസ്‌ലാമിക പ്രബോധനം ഏറ്റവും വലിയ ഇസ്‌ലാമിക ബാധ്യതയാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

1957-67 കാലഘട്ടത്തിൽ ഇസ്‌ലാമിക പ്രബോധനം സുഊദി അറേബ്യൻ ഭരണകൂടത്തിന്റെ ഒരു സജീവ പരിഗണനാ വിഷയമായിത്തീർന്നു. 1961 ഒക്ടോബർ 24-ന് സ്ഥാപിതമായ മദീനഃയിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയുടെ പ്രധാന ലക്ഷ്യം അമുസ്‌ലിം രാജ്യങ്ങളിൽ ഇസ്‌ലാമിക പ്രബോധനം നടത്താൻ പ്രവർത്തകരെ പരിശീലിപ്പിക്കുകയായിരുന്നു. 1962-ൽ രാഷ്ട്രാന്തരീയ തലത്തിൽ പ്രബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സുഊദി അറേബ്യ ആസ്ഥാനമാക്കി മുസ്‌ലിം വേൾഡ് ലീഗും (റാബിത്വതുൽ ആലമിൽ ഇസ്‌ലാമി) നിലവിൽവന്നു. ഇസ്‌ലാമിക പ്രബോധനം എന്ന ലക്ഷ്യത്തിൽ ഇസ്‌ലാമിലെ വ്യത്യസ്ത ചിന്താധാരകളെ പ്രതിനിധാനം ചെയ്യുന്നവരെ ഒന്നിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് റാബിത്വഃയുടെ ഒരു പ്രധാന നേട്ടം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി റാബിത്വഃയുടെ 20-ലധികം ശാഖകൾ പ്രവർത്തിക്കുന്നുണ്ട്.

1960-ൽ കൈറോയിൽ സ്ഥാപിതമായ ഹയർ കൗൺസിൽ ഓഫ് ഇസ്‌ലാമിക് അഫയേഴ്സും (അൽമജ്‌ലിസുൽ അഅ്‌ലാ ലിശ്ശുഊനിൽ ഇസ്‌ലാമിയ്യഃ) രാഷ്ട്രാന്തരീയ തലത്തിൽ ഒട്ടേറെ പ്രബോധന പ്രവർത്തനങ്ങൾ പ്രായോജനം ചെയ്യുന്നുണ്ട്. ആഫ്രിക്കൻ നാടുകളിലേക്ക് അധ്യാപകരെ നിയോഗിക്കുന്നതാണ് അഫയേഴ്സിന്റെ പ്രധാന പ്രവർത്തനം.

1960-കളായപ്പോഴേക്ക് ദേശീയവും അന്തർദേശീയവുമായ തലത്തിൽ മൂന്നുതരം സംഘടനകളാണ് ഇസ്‌ലാമിക പ്രബോധനത്തെ പ്രതിനിധീകരിച്ചിരുന്നത്. കൈറോയിലെ ഹയർ കൗൺസിൽ ഓഫ് ഇസ്‌ലാമിക് അഫയേഴ്സിനെയും മദീനഃ യൂനിവേഴ്സിറ്റിയെയും പോലുള്ള രാജ്യാന്തരീയമോ ദേശീയമോ ആയ സ്ഥാപനങ്ങൾ, സുഊദി അറേബ്യ ആസ്ഥാനമായുള്ള മുസ്‌ലിം വേൾഡ് ലീഗിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന രാഷ്ട്രാന്തരീയ സംഘടനകൾ, അൽഇഖ്‌വാനുൽ മുസ്‌ലിമൂൻ, തബ്‌ലീഗീ ജമാഅത്, ജമാഅതെ ഇസ്‌ലാമി പോലുള്ള സർക്കാറേതര സംഘടനകൾ തുടങ്ങിയവയായിരുന്നു അവ.

ഈ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും അന്താരാഷ്ട്ര തലത്തിലുള്ള സ്വാധീനം പരിമിതമാണെങ്കിലും ശ്രദ്ധേയമാണ്. 1965-ൽ മുസ്‌ലിം വേൾഡ് ലീഗ് 50-ഓളം ഇസ്‌ലാമിക പ്രബോധകരെ വിവിധ നാടുകളിൽ നിയോഗിച്ചപ്പോൾ ഹയർ കൗൺസിൽ ഓഫ് ഇസ്‌ലാമിക് അഫയർ, അൽഅസ്ഹറിൽ പരിശീലനം നേടുകയും അവിടെ ദഅ്‌വഃ പോളിസി വകുപ്പിൽ ജോലി ചെയ്യുകയും ചെയ്തിരുന്ന 100-ഓളം പ്രബോധകരെ ഉപയോഗപ്പെടുത്തുകയുണ്ടായി.

ഭരണകൂടങ്ങൾ പ്രായോജനം ചെയ്യുന്ന സംഘടനകൾ എത്രതന്നെ സ്വതന്ത്രമാണെന്നവകാശപ്പെട്ടാലും പ്രബോധന മേഖലയിൽ സ്വന്തമായ രീതിശാസ്ത്രം വികസിപ്പിച്ചെടുക്കുന്നതിൽ ഒട്ടേറെ പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നുവെന്നത്

വസ്തുതയാണ്. അവയോട് താരതമ്യം ചെയ്യുമ്പോൾ ഇഖ്വാനെയും ജമാഅതെ ഇസ്ലാമിയെയും പോലുള്ള സർക്കാരേതര സംഘടനകൾ ഈ രംഗത്ത് കൂടുതൽ സ്വതന്ത്രരാണ്.

1970-കളുടെ തുടക്കത്തിൽ 'ഇസ്ലാമിക രാഷ്ട്രീയം' ചൂടുപിടിച്ച രാഷ്ട്രീയ-സാംസ്കാരിക വാഗ്വാദങ്ങൾക്കു വിഷയമായി ത്തീർന്നതോടെ രാഷ്ട്രാന്തരീയ പ്രബോധക സംഘടനകൾ മുസ്ലിം ബഹുജനങ്ങൾക്കിടയിൽ ശ്രദ്ധാകേന്ദ്രമായിത്തീർന്നു. 1972 -ൽ സുഊദി അറേബ്യയിലെ സലഫികൾ സംഘടിപ്പിച്ച അന്താരാഷ്ട്ര യുവജന സമ്മേളനം, ഇസ്ലാമിക പ്രബോധനം ലക്ഷ്യംവച്ചു കൊണ്ട് വേൾഡ് അസംബ്ലി ഓഫ് മുസ്ലിം യൂത്ത് (വമി) എന്ന പേരിൽ ഒരു യുവജന സംഘടനക്ക് രൂപം നല്കി. 1972-ൽ തന്നെ ലിബിയൻ ഗവൺമെന്റ് ഇസ്ലാമിക് കാൾ സൊസൈറ്റി (ജംഇയ്യതുദ്ദഅ്‌വതിൽ ഇസ്ലാമിയ്യഃ) എന്ന പേരിൽ ഒരു രാഷ്ട്രാ ന്തരീയ പ്രബോധന സംഘടന രൂപീകരിച്ചെങ്കിലും ആദ്യത്തെ 10 വർഷത്തിൽ ദഅ്‌വഃ രംഗത്ത് പറയത്തക്ക പ്രതികരണമൊന്നും അത് സൃഷ്ടിക്കുകയുണ്ടായില്ല. എന്നാൽ 1982-ൽ വേൾഡ് കൗൺസിൽ ഫോർ ഇസ്ലാമിക് കാൾ (അൽമജ്ലിസുൽ ആലമി ലിദ്ദഅ്‌വതിൽ ഇസ്ലാമിയ്യഃ) എന്ന പുതിയ പേരിൽ പുനസ്സംഘടിപ്പിക്കപ്പെട്ടതിന് ശേഷം ഈ ലിബിയൻ സംഘടന പ്രബോധന മേഖലയിൽ സുഊദി ആസ്ഥാനമായുള്ള മുസ്ലിം വേൾഡ് ലീഗിന്റെ ഒരു പ്രധാന എതിരാളിയായിത്തീർന്നു. സമകാലികമായ ഈ രണ്ട് സംഘടനകളും യഥാക്രമം ലിബിയൻ ഗവൺമെന്റിനും സുഊദി ഗവൺമെന്റിനും സ്വീകാര്യമായ കാഴ്ചപ്പാടിനെയാണ് പ്രബോധന രംഗത്ത് പ്രതിനിധീകരിച്ചത്.

രാഷ്ട്രാന്തരീയ തലത്തിൽ ദഅ്‌വതിന്റെ കാര്യമായ പ്രതികരണമില്ലായ്മയും ഈ രംഗത്തേക്ക് പുതിയ പുതിയ ദേശീയ ഏജൻസികളുടെ കടന്നുകയറ്റവും തീവ്ര ഇസ്ലാമിക ഗ്രൂപ്പുകളുടെ ആവിർഭാവവും പ്രബോധന രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്കിടയിൽ പരസ്പര സഹകരണവും കൂട്ടായ്മയും അനിവാര്യമാണെന്ന ബോധം ഉളവാക്കുകയുണ്ടായി. 1973-ൽ മുസ്ലിം വേൾഡ് ലീഗ്, 1961-64-ൽ സ്ഥാപിതമായ അസ്ഹർ അക്കാദമി ഓഫ് ഇസ്ലാമിക് റിസർച്ചിൽനിന്ന് ആഫ്രിക്കയിലും വടക്കു കിഴക്കൻ ഏഷ്യയിലും ദഅ്‌വഃ പ്രവർത്തനങ്ങൾക്കായി സന്നദ്ധ പ്രവർത്തകരെ സ്വീകരിക്കുകയുണ്ടായി. 1975-ൽ മോ സ്ക്ക് മെസ്സേജ് കോൺഫ്രൻസ് എന്ന പേരിൽ വേൾഡ് ലീഗ് സംഘടിപ്പിച്ച അന്താരാഷ്ട്ര ദഅ്‌വഃ കോൺഫ്രൻസ് പ്രബോധന പ്രവർത്തനങ്ങൾ മുച്ചൂടും പുനസ്സംഘടിപ്പിക്കാനും പള്ളികളെ ദഅ്‌വതിന്റെ മുഖ്യ കേന്ദ്രമായി ഉയർത്തിക്കാണിക്കാനുമുള്ള പദ്ധതി സമർപ്പിച്ചു. തദനുസൃതമായി 1975-ൽ തന്നെ വേൾഡ് കൗൺസിൽ ഓഫ് മോസ്ക് രൂപീകരിക്കപ്പെടുകയും ചെയ്തു. 10 വർഷ ത്തിനകം കൗൺസിലിന്റെ ഒട്ടേറെ ശാഖകൾ രൂപീകരിക്കാനും വേൾഡ് ലീഗിന് സാധിച്ചു. ഇതൊക്കെയാണെങ്കിലും ദഅ്‌വഃ പ്രവർത്തനം അപ്പോഴും വളരെ മന്ദഗതിയിൽ തന്നെയായിരുന്നു. ലോകത്താകമാനമുള്ള 1000-ത്തിലധികം സംഘടനകളുമായി സഹകരണ ബന്ധം പുലർത്തുന്നതായി മുസ്ലിം വേൾഡ് ലീഗ് അവകാശപ്പെടുന്നുണ്ടെങ്കിലും 1985-ൽ അതിനു കീഴിൽ 1000 ഇസ്ലാമിക പ്രബോധകർ മാത്രമാണുണ്ടായിരുന്നത്. അവരിൽ 360 പേർ ആഫ്രിക്കയിലും 473 പേർ ഏഷ്യയിലും 167 പേർ യൂറോപിലും അമേരിക്കയിലുമായിട്ടാണ് പ്രവർത്തിച്ചിരുന്നത്.

വിപ്ലവാനന്തര ഇറാന്റെ കാർമികത്വത്തിൽ സ്ഥാപിതമായ മുനള്ളമാതി ഇഅ്ലാമി ഇസ്ലാമി എന്ന രാഷ്ട്രാന്തരീയ ദഅ്‌വഃ സംഘടനയുടെ പ്രധാന ലക്ഷ്യം ശീഈയിതര മുസ്ലിംകൾക്കിടയിൽ വിപ്ലവത്തിന് പിന്തുണ സമാർജിക്കുകയായിരുന്നു.

1982 മുതൽ പ്രധാന രാഷ്ട്രാന്തരീയ ദഅ്‌വഃ സംഘടനകൾക്കിടയിൽ നിലനിന്ന മൽസരം ദഅ്‌വഃ പ്രവർത്തനത്തിന് ഒരു പുതിയ ഭൂമിശാസ്ത്ര വിഭജനം രൂപപ്പെടുത്തുകയുണ്ടായി. ഇറാനിയൻ സംഘടനയും പ്രവർത്തനവും പാശ്ചാത്യൻ രാജ്യങ്ങളിൽ കേന്ദ്രീകരിച്ചപ്പോൾ മുസ്ലിം വേൾഡ് ലീഗ് കിഴക്കൻ ആഫ്രിക്ക, വടക്കുകിഴക്കൻ ഏഷ്യ, ഇന്ത്യ, പാകിസ്താൻ, അഫ്ഗാനി സ്താൻ എന്നീ രാജ്യങ്ങളിൽ അതിന്റെ പ്രവർത്തനം സംയോജിപ്പിക്കാനാണ് ശ്രമിച്ചത്. ലിബിയൻ ഇസ്ലാമിക് കാൾ സൊ സൈറ്റി പ്രധാനമായും ശ്രദ്ധയൂന്നിയത് പടിഞ്ഞാറൻ ആഫ്രിക്കയിലും വടക്കേ അമേരിക്കയിലുമാണ്. കൈറോ ആസ്ഥാനമാ യുള്ള ഹയർ കൗൺസിൽ ഓഫ് ഇസ്ലാമിക് അഫയറാകട്ടെ അൽഅസ്ഹർ സർവകലാശാലയോട് പരമ്പരാഗതമായി ബന്ധം പുലർത്തുന്ന രാജ്യങ്ങളിൽനിന്ന് അതിന്റെ പ്രവർത്തകരെ റിക്രൂട്ട് ചെയ്തു.

ഇവിടെ പരാമർശിക്കപ്പെട്ട ദഅ്‌വഃ സംഘടനകളെക്കൂടാതെ വേറെയും ഒട്ടേറെ സമിതികളും ഏജൻസികളും സ്വതന്ത്രമായ രീതിയിൽ ദഅ്‌വഃ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. സമ്പന്നമായ ഭൂരിപക്ഷം മുസ്ലിം രാജ്യങ്ങൾക്കും സ്വന്തമായ ദഅ്‌വഃ സംഘ ടനകളുണ്ട്. കുവൈതിലെ അൽഹൈഅതുൽ ഖൈരിയ്യതുൽ ഇസ്ലാമിയ്യതുൽ ആലമിയ്യഃ, ഇറാഖിന്റെ മുനള്ളമാതുൽ മുഅ്തമ രിൽ ഇസ്ലാമിയ്യിശ്ശഅ്ബി തുടങ്ങിയവ ഉദാഹരണം. സുഊദി അറേബ്യയുടെ മതകാര്യാലയത്തിനു കീഴിൽ ഒരു ദഅ്‌വഃ വകുപ്പ് പ്രവർത്തിക്കുന്നുണ്ട്. വിവിധ രാജ്യങ്ങളിൽനിന്ന് തൊഴിലിനും ബിസിനസ്സിനുമായി സുഊദിയിൽ വരുന്ന അമുസ്ലിംകളിൽ ഇസ്ലാമിക സന്ദേശമെത്തിക്കാൻ അവർ ശ്രമിക്കുന്നു. 1988-ൽ 17 ദഅ്‌വഃ സംഘടനകൾ കൂടിച്ചേർന്നുകൊണ്ട് വേൾഡ് ഇസ്ലാ മിക് കൗൺസിൽ ഫോർ പ്രോപഗണ്ട ആന്റ് റിലീഫ് (അൽമജ്ലിസുൽ ആലമിയ്യുൽ ഇസ്ലാമി ലിദ്ദഅ്‌വതി വൽഇഗാഥഃ) എന്ന പേരിൽ വ്യത്യസ്ത ദഅ്‌വഃ സംഘടനകളുടെ ഒരു കോർഡിനേഷൻ കൗൺസിലിന് രൂപംകൊടുത്തിട്ടുണ്ട്.

1985-ൽ ഇസ്ലാമാബാദിലെ ഇന്റർനാഷനൽ ഇസ്ലാമിക് യൂനിവേഴ്സിറ്റി രൂപംകൊടുത്ത ദഅ്‌വഃ അക്കാദമിയും ഒരു പ്രധാന ദഅ്‌വതീ സംരംഭമാണ്. ഇമാമുമാർ, സമുദായ നേതാക്കൾ, പ്രഫഷനലുകൾ തുടങ്ങിയവർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പ്രബോധനത്തിന്റെ പുതിയ രീതിശാസ്ത്രം വികസിപ്പിക്കുക, പ്രസിദ്ധീകരണങ്ങളും ഓഡിയോ വിഷ്വലുകളും പുറത്തിറക്കുക, പ്രബോധന സംബന്ധമായ സെമിനാറുകൾ, സിമ്പോസിയങ്ങൾ, വർക്ക്ഷോപ്പുകൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയവയാണ് അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങൾ. വിവിധ ഭാഷകളിൽ പ്രബോധന പരമായ സാഹി ത്യങ്ങൾ പ്രസിദ്ധീകരിക്കുന്നതോടൊപ്പം *ദഅ്‌വഃ ഹൈലേറ്റ്സ്* എന്ന പേരിൽ ഒരു മാസികയും അക്കാദമി പുറത്തിറക്കുന്നുണ്ട്. ആശുപത്രികളിലും ജയിലുകളിലും അക്കാദമിയുടെ ദഅ്‌വഃ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. മുസ്ലിം വേൾഡ് ലീഗ് അടക്ക മുള്ള 28 ദഅ്‌വഃ സംഘടനകളുമായി സഹകരിച്ചാണ് അക്കാദമി പ്രവർത്തിക്കുന്നത്.

പാശ്ചാത്യ ലോകത്ത്, വിശിഷ്യാ അമേരിക്കയിൽ അടുത്തകാലത്തായി ഇസ്ലാമിക പ്രബോധനം വളരെ സജീവമാണ്. ചെറുതും വലുതുമായ സംഘടനകളും ഒറ്റയാൻമാരായ മിഷനറിമാരും അവിടെ പ്രബോധനം നിർവഹിക്കുന്നുണ്ട്. യൂറോപ്പിലും ആഫ്രിക്കയിലും ആസ്ത്രേലിയയിലുമെല്ലാം അമേരിക്കയിലെ മുസ്ലിം വിദ്യാർഥി സംഘടന(എം.എസ്.എ)യും ഇസ്ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക(ഇസ്ന)യും പ്രബോധന പ്രവർത്തനങ്ങളിൽ സജീവമാണ്. ഇസ്ലാമിക പ്രബോധന ത്തിനു വേണ്ടി വിപുലമായ പരിപാടികൾ ആവിഷ്കരിച്ച് പ്രവർത്തിക്കുന്ന വേറൊരു സംഘടനയാണ് ഇസ്ലാമിക് സർക്കിൾ ഓഫ് നോർത്ത് അമേരിക്ക (ഐ.സി.എൻ.എ). പാശ്ചാത്യൻ നാടുകളിലെ പ്രബോധന പ്രസ്ഥാനങ്ങൾ മുഖ്യമായും ശ്രദ്ധിക്കു ന്നത് കുടിയേറ്റ മുസ്ലിംകളുടെ സംസ്കരണത്തിലാണ്. പള്ളികൾ സ്ഥാപിക്കുകയും മുസ്ലിം കുട്ടികൾക്ക് പ്രാഥമിക മത വിദ്യാ ഭ്യാസത്തിനുള്ള സംവിധാനമേർപ്പെടുത്തുകയും ചിന്നിച്ചിതറിയ മുസ്ലിംകളെ പരസ്പരം പരിചയപ്പെടുത്തുകയും മതപരമായി ബോധവൽക്കരിക്കുകയും ചെയ്യുന്ന സമ്മേളനങ്ങളും മറ്റും സംഘടിപ്പിക്കുകയുമാണ് അവരുടെ പ്രധാന പ്രവർത്തനങ്ങൾ. എങ്കിലും നാട്ടുകാർക്ക് ഇസ്ലാമിനെ പരിചയപ്പെടുത്തുക എന്നതും അവ ലക്ഷ്യമായി അംഗീകരിച്ചിട്ടുണ്ട്. അതിനു സഹായകമായി പദ്ധ തികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും ചെയ്യുന്നു.